'146167/2023

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ:അഞ്ജു കെ .എസ് IAS )**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനക്കാര്യം - കൃഷി ഓഫീസർ തസ്തികയിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം - അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :-

1) 25/2/2017 ലെ സർക്കാർ ഉത്തരവ് (പി) നം3/2017/ഉപഭവ

2) 27/2/2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം.147/2022/കൃഷി

3) 5/11/2019 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1075/19/കൃഷി

4) 07/08/2023 ലെ ഈ ഓഫീസിലെ സർക്കുലർ നം. എഡിഎഫ്ഡബ്ളൃ/100/2023-എസ് എ 2

5) 16/9/2023 ൽ കൂടിയ കമ്മിറ്റിയുടെ മിനിട്സ്.

6) 18/09/23 ലെ ഈ കാര്യാലയത്തിലെ ADFW/100/2023-SA2 നമ്പർ ഉത്തരവ്

7) ഈ കാര്യലയത്തിലെ 21/09/2023 തിയതിയിലെ ഇതേ നമ്പർ ഉത്തരവ്

8) ഈ കാര്യലയത്തിലെ 31/10/2023 തിയതിയിലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ ADFW/9436/2023-SD3 തീയതി . 16-11-2023**

പരാമർശം 1, 2 സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സ്പാർക്ക് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ വിവധ തസ്തികകളിലെ ജീവനക്കാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സ്പാർക്ക് മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലംമാറ്റ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും

ചെയ്തിരുന്നു. ഇപ്രകാരം ബന്ധപ്പെട്ട മേലധികാരികളുടെ ശിപാർശയോടുകൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച കൃഷി ഓഫീസർമാരുടെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സ്പാർക്ക് മുഖേന പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്ത് ലഭിച്ച 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 26/09/2023 തിയതി വരെ ലഭിച്ച ആക്ഷേപങ്ങൾ / പരാതികൾ പൊതുസ്ഥലംമാറ്റ മാനദണ്ഢങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഗണനാർഹമായവ പരിഹരിച്ച് സ്പാർക്ക് മുഖേന പ്രോസസ്സ് ചെയ്ത് ലഭിച്ച കൃഷിഓഫീസർ തസ്തികയിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന്റെ അന്തിമ ഉത്തരവ് / ലിസ്റ്റ് വകുപ്പിന്റെ വെബ് സൈറ്റായ www.keralaagriculture.in - ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

അന്തിമ പൊതുസ്ഥലംമാറ്റ ലിസ്റ്റിൽ സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാർ പകരം ജീവനക്കാർ ജോലിക്ക് ഹാജരായിട്ടില്ലെങ്കിലും ഈ ഉത്തരവ് അനുസരിച്ച് നിലവിലെ ഓഫീസിൽ നിന്നും അടിയന്തരമായി വിടുതൽ ചെയ്യേണ്ടതും ചട്ടപ്രകാരമുള്ള സമയപരിതിക്കുള്ളിൽ പുതിയ സ്ഥലത്ത് ജോലിക്ക് ഹാജരാകേണ്ടതുമാണ്. ഇപ്രകാരം വിടുതൽ ചെയ്യാതിരിക്കുന്ന ജീവനക്കാർക്ക് എതിരെയും ബന്ധപ്പെട്ട ഡിഡിഒ - മാർക്കെതിരെയും നടപടികൾ സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ 18/ 11 /2023 ന് മുൻപായി വിടുതൽ ചെയ്യുവെന്നും ചട്ടപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചു എന്നും ബന്ധപ്പെട്ട നിയന്ത്രണ അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

sd/-
ANJU K S IAS
DIRECTOR

സ്വീകർത്താവ്

1) ബന്ധപ്പെട്ട ജീവനക്കാർക്ക് ( പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
2) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
3) ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും

പകർപ്പ്

- ഐ റ്റി സെൽ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
- കരുതൽ ഫയൽ

JUNIOR SUPERINTENDENT
Directorate of Agriculture
Development and Farmers
Welfare Department
Vikas Bhavan, Tvm-33